**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 989** **29-06-2026-ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പ്രഭാകരൻ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് മലയോര ഹൈവേ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** മലയോര ഹൈവേ പദ്ധതിയുടെ ഭാഗമായി മുൻ സർക്കാരിൻറെ കാലത്ത് (2021 - 2026) പൂർത്തീകരിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരം ജില്ല**

(i) കള്ളിക്കാട് പാറശ്ശാല - ഒന്നാം ഘട്ടം (15.4 കി.മി)

(ii) കള്ളിക്കാട് പാറശ്ശാല - രണ്ടാം ഘട്ടം (7.45 കി.മി)

(iii) കുടപ്പനമൂട്- വാഴിച്ചൽ (2.75 കി.മി)

(iv) കൊല്ലായിൽ - ചല്ലിമുക്ക് (21.08 കി.മി)

(v) പെരിങ്ങമ്മല - പാലോട് (പാലോട് ബ്രൈമോർ റോഡ് ഓവർലാപ്പ് ചെയ്യുന്നു) (3.5 കി.മി)

**ഇടുക്കി ജില്ല**

(i) കുട്ടിക്കാനം – ചപ്പാത്ത് (19.0 കി.മി)

(ii) പീരുമേട് - ദേവികുളം - ഒന്നാം ഘട്ടം (12.7 കി.മി)

(iii) പീരുമേട് - ദേവികുളം - രണ്ടാം ഘട്ടം (2.9 കി.മി)

(iv) പീരുമേട് - ദേവികുളം - മൂന്നാം ഘട്ടം (5.45 കി.മി)

**തൃശ്ശൂർ ജില്ല**

(i) പട്ടിക്കാട് -വിളങ്ങന്നൂർ (5.3 കി.മി)

**മലപ്പുറം ജില്ല**

(i) പൂക്കോട്ടുംപാടം -കാളികാവ് - ഒന്നാം ഘട്ടം (8.7 കി.മി)

(ii) പൂക്കോട്ടുംപാടം -മൈലാടി പാലം (10.9 കി. മി.)

**കോഴിക്കോട് ജില്ല**

(i) കോടഞ്ചേരി - കക്കാടംപൊയിൽ (27.77 കി. മി)

(ii) 28-ആം മൈൽ - തലയാട് ടൗൺ (6.79 കി. മി)

**<u>കണ്ണൂർ ജില്ല</u>**

(i) വള്ളിത്തോട് അമ്പായത്തോട് (25.3 കി.മീ)

**<u>കാസർകോട് ജില്ല</u>**

(i) കോളിച്ചാൽ - ഇടപ്പറമ്പ് (21 കി. മി)

**(ബി)** ഇതിനായി കിഫ്ബി മുഖേന എത്ര തുക അനുവദിച്ചുവെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ സർക്കാരിൻറെ കാലത്ത് പൂർത്തീകരിച്ച പ്രവൃത്തികൾക്കായി 788.11 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്.

**(സി)** കാർഷിക ടൂറിസം മേഖലയ്ക്ക് ഊർജ്ജം പകരുന്നതാണ് മലയോര ഹൈവേ പദ്ധതിയെന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി മലയോര ഹൈവേ പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** കേരളത്തിൻറെ പശ്ചിമ ഘട്ടങ്ങളിൽ വരുന്ന ജില്ലകളെ ബന്ധിപ്പിക്കുന്നതിനും ടി പ്രദേശത്തിന്റെ സമഗ്രവികസനത്തിനും വേണ്ടിയാണ് മലയോര ഹൈവേ വിഭാവനം ചെയ്തിരിക്കുന്നത്. കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ നീളുന്ന മലയോര ഹൈവേ പൂർത്തിയാകുന്നതോടെ കേരളത്തിലെ ഏറ്റവും നീളം കൂടിയ ഹൈവേയാകും. 14 ജില്ലകളിൽ ആലപ്പുഴ ജില്ല ഒഴികെ മറ്റ് 13 ജില്ലകളിലൂടെ ഈ ഹൈവേ കടന്നുപോകും. മലയോര ഹൈവേ പൂർത്തിയാകുന്നതോടെ, മലയോര മേഖലകളിലേക്കുള്ള ഗതാഗത സംവിധാനം അതിവേഗത്തിലാകുകയും തൽഫലമായി ഒറ്റപ്പെട്ട് കിടക്കുന്ന മലയോര മേഖലകളുടെ സമഗ്ര വികസനം സാധ്യമാവുകയും ചെയ്യുമെന്നാണ് വിഭാവനം ചെയ്യുന്നത്. കൂടാതെ മലഞ്ചരക്കുകൾ വാണിജ്യമേഖലകളിലേക്ക് അതിവേഗം എത്തിക്കുന്നതിനും, ടൂറിസം വർധിപ്പിക്കാനും, കണക്റ്റിവിറ്റിയും ഗതാഗതവും മെച്ചപ്പെടുത്താനും, ദുരന്തസമയത്ത് ദുരിതാശ്വാസ നടപടികൾ തുടങ്ങിയവയ്ക്കും സഹായകമാകും. ഈ പദ്ധതി യാഥാർഥ്യമാകുന്നതോടെ ഹൈറേഞ്ച് പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ഇത് നൽകുന്ന നേട്ടങ്ങളും മൂല്യവും വളരെ വലുതാണ്. മലയോര ഹൈവേ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി പദ്ധതിയുടെ അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. പ്രൊജക്റ്റ് ഡയറക്ടർ, പി.എം.യു കെ.ആർ.എഫ്.ബി എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും കിഫ്ബി എഞ്ചിനീയർമാരെയും കരാറുകാരെയും ഉൾപ്പെടുത്തി ദ്വൈവാര അവലോകന യോഗവും നടത്തി വരുന്നു. ഇത് കൂടാതെ കളക്ടർമാരുടെ അധ്യക്ഷതയിൽ എല്ലാ മാസവും CMT മീറ്റിംഗുകളും നടത്തി വരാറുണ്ട്.

**സെക്ഷൻ ഓഫീസർ**